## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6683 09/07/2014-ൽ മറുപടിക്ക്

### പട്ടികവർഗ്ഗക്കാർക്കിടയിലുള്ള 'അരിവാൾ രോഗം'

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.വി. വിജയദാസ് : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | പട്ടികവർഗ്ഗക്കാർക്കിടയിലുള്ള 'അരിവാൾ രോഗം' ബാധിച്ചവരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; ഏതെല്ലാം വിഭാഗങ്ങളിലാണ് ടി രോഗം വ്യാപകമായി കണ്ടുവരുന്നത്; വിശദവിവരം നൽകുമോ ; | എ | ഉണ്ട്. അരിവാൾ രോഗം ബാധിച്ച 581 പേരെ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. മുഡുകർ, കുറുമ്പർ, പണിയർ, കാട്ടുനായ്ക്കർ, കുറുമർ എന്നീ വിഭാഗങ്ങളിലുള്ളവരിലാണ് ടി രോഗം വ്യാപകമായി കണ്ടുവരുന്നത്. |
| ബി | രോഗം നിയന്ത്രണ വിധേയമാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ; | ബി | അരിവാൾ രോഗം ഒരു ജനിതക രോഗമായി കണക്കാക്കപ്പെടുന്നു. സ്ക്രീനിംഗ്, ബോധവൽക്കരണം, ചികിൽസ എന്നീ പ്രവർത്തനങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ആരോഗ്യ വകുപ്പുമായി സഹകരിച്ച് പ്രവർത്തിക്കുന്നു. തിരിച്ചറിയപ്പെട്ട 581 അരിവാൾ രോഗികൾക്ക് പോഷകാഹാരം കഴിക്കുന്നതിനായി പ്രതിമാസം 1000/- രൂപ വീതം നൽകി വരുന്നു. |
| സി | പ്രസ്തുത രോഗത്തെക്കുറിച്ച് ബോധവൽക്കരിക്കുന്നതു ഉൾപ്പെടെയുള്ള പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | സി | പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, ആരോഗ്യ പ്രവർത്തകർ എന്നിവർ മുഖേന പട്ടികവർഗ്ഗക്കാർക്കിടയിൽ വ്യാപകമായ പ്രചരണം നൽകി വരുന്നു. ആരോഗ്യ വകുപ്പുമായി സഹകരിച്ച് ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. സിക്കിൾ സെൽ അനീമിയ രോഗത്തെക്കുറിച്ചുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ എൻ.ആർ.എച്ച്.എം. ന്റെ ഒരു പ്രത്യേക പദ്ധതിയായി ഉൾപ്പെടുത്തി ആരോഗ്യ വകുപ്പ്, പ്രധാനമായും പാലക്കാട്, വയനാട്, മലപ്പുറം എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്നു. |
| ഡി | പ്രസ്തുത രോഗം സംബന്ധിച്ച വിശദ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | ഡി | കോഴിക്കോട് മെഡിക്കൽ കോളേജ്, അരിവാൾ രോഗം സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് ആരോഗ്യ വകുപ്പ് പ്രത്യേക പദ്ധതി നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ